**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം സമ്മേളനം

**<u>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3189 — 21-08-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. ആർ. രാജേഷ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2017-18 വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 25,10,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം ജോലികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ പറയുന്നു.<br>1. ജലസംരക്ഷണവും ജല കൊയ്ത്തും<br>2. വരൾച്ച തടയൽ (വൃക്ഷങ്ങൾ നടീൽ, വനവത്കരണ പ്രവർത്തനങ്ങൾ<br>3. മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ<br>4. എസ്.സി/എസ്.ടി/കേന്ദ്രാവിഷ്കൃത പദ്ധതികൾ/ ബി.പി.എൽ കുടുംബങ്ങളുടെ ഭൂമിയിൽ ജലസേചന സൗകര്യമൊരുക്കൽ<br>5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃനിർമ്മാണം<br>6. ഭൂവികസനം<br>7. വെള്ളക്കെട്ട് പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നതുൾപ്പെടയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും, കുളസംരക്ഷണ പ്രവർത്തനങ്ങളും<br>8. BSUP/IHSDP/KSUDP/SJSRY/RAY പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കുന്ന ചേരി/ക്ലസ്റ്റർ വികസന പദ്ധതികളുടെ അനുരൂപക പ്രവർത്തനങ്ങളും ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി യുടെ ഭാഗമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ വാനം വെട്ടുന്നതിനും അടിസ്ഥാനം നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തികളും<br>9. കോളനി നവീകരണ പ്രവൃത്തികൾ<br>10. സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ ഉൾപ്പെട്ട സോക്പിറ്റ്, മഴക്കുഴി നിർമ്മാണം<br>11. കിണർ റീചാർജ്ജിംഗ്<br>12. ക്ഷീര കർഷകർക്ക് തൊഴുത്ത് നിർമ്മിക്കുന്നതിന് വേണ്ടി അടിസ്ഥാന സൗകര്യം ഒരുക്കൽ<br>13. മൂന്ന് മീറ്റർ വീതിയുള്ള നഗരസഭയുടെ ഉടമസ്ഥതയിലുള്ള റോഡുകൾ ഇന്റർലോക്ക് ചെയ്യുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കൽ |

| | | | |
|---|---|---|---|
| | | | 4. PMAY/ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെടുത്തി ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ |
| (സി) | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നിലവിൽ ഏതെല്ലാം നഗരങ്ങളിൽ ആരംഭിച്ചിട്ടുണ്ടെന്നും പദ്ധതി പ്രകാരം തൊഴിലാളികളുടെ പ്രതിദിന വേതനം എത്ര രൂപയാണെന്നും അറിയിക്കാമോ; | (സി) | തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ, വർക്കല, സൗത്ത് പരവൂർ, കരുനാഗപ്പള്ളി, പുനലൂർ, കൊട്ടാരക്കര, പത്തനംതിട്ട, പന്തളം, തിരുവല്ല, അടൂർ, ആലപ്പുഴ, കായംകുളം, ചേർത്തല, മാവേലിക്കര, ചെങ്ങന്നൂർ, കോട്ടയം, ഏറ്റുമാനൂർ, ഈരാറ്റുപേട്ട, ചങ്ങനാശ്ശേരി, വൈക്കം, പാല, തൊടുപുഴ, ആലുവ, പെരുമ്പാവൂർ, നോർത്ത് പറവൂർ, പിറവം, കൂത്താട്ടുകുളം, മൂവാറ്റുപുഴ, തൃപ്പൂണിത്തുറ, അങ്കമാലി, കോതമംഗലം, കളമശ്ശേരി, തൃക്കാക്കര, ഏലൂർ, മരട്, കുന്നംകുളം, ഇരിങ്ങാലക്കുട, ചാലക്കുടി, കൊടുങ്ങല്ലൂർ, ചാവക്കാട്, ഗുരുവായൂർ, വടക്കാഞ്ചേരി, പാലക്കാട്, ചിറ്റൂർ-തത്തമംഗലം, ഷൊർണ്ണൂർ, ഒറ്റപ്പാലം, പട്ടാമ്പി, ചെർപ്പുളശ്ശേരി, മലപ്പുറം, താനൂർ, പരപ്പനങ്ങാടി, കൊണ്ടോട്ടി, തിരൂർ, മഞ്ചേരി, പൊന്നാനി, പെരിന്തൽമണ്ണ, നിലമ്പൂർ, കോട്ടക്കൽ, കൊയിലാണ്ടി, പയ്യോളി, കൊടുവള്ളി, മുക്കം, ഫെറോക്ക്, വടകര, കൽപ്പറ്റ, മാനന്തവാടി, സുൽത്താൻബത്തേരി, തലശ്ശേരി, പയ്യന്നൂർ, കൂത്തുപ്പറമ്പ്, തളിപ്പറമ്പ്, കാഞ്ഞങ്ങാട്, കാസർഗോഡ്, നീലേശ്വരം എന്നീ മുനിസിപ്പാലിറ്റികളിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ജോലി നോക്കുന്ന തൊഴിലാളികൾക്ക് 258/- രൂപ പ്രതിദിനം വേതനം നൽകി വരുന്നു. |
| (ഡി) | നഗരവാസികളായ ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാകും വിധം പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (ഡി) | ഹരിതകേരളം പദ്ധതി, സമ്പൂർണ്ണ ഭവന പദ്ധതി, ആരോഗ്യ മേഖലയിൽ ആർദ്രം പദ്ധതി, പൊതു വിദ്യാഭ്യാസ സംരക്ഷണത്തിനുള്ള പദ്ധതി എന്നിവയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. നഗരസഭയിൽ ശുചിത്വ പദ്ധതി രൂപീകരിക്കുന്ന വേളയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ